## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2620 — 10.12.2014-ൽ മറുപടിക്ക്

### അട്ടപ്പാടി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അട്ടപ്പാടി മേഖലയിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്ത ഉടനെ തന്നെ സംസ്ഥാനതലത്തിലുള്ള ഉന്നത ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും, യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഐ.എം.എ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ ഏജൻസികൾ നടത്തിയ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടികൾ എടുത്തിട്ടുണ്ട്. |
| (ബി) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയ്ക്കു വേണ്ടി എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് ; | (ബി) ഐ.എം.എ. സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടീം സന്ദർശിക്കുകയും ആയതിനെ തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.<br>1. അട്ടപ്പാടി മോഡൽ മാതൃക പ്രഖ്യാപിച്ച് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റ്, റേഡിയോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കുക.<br>2. അട്ടപ്പാടിയിലെ ഡോക്ടർമാർക്ക് റേഡിയോളജി ട്രെയിനിംഗ് നൽകുക.<br>3. ഐ.എം.എ. പെരിന്തൽമണ്ണ ബ്ലഡ് ബാങ്കുമായി സഹകരിച്ച് ബ്ലഡ് ബാങ്ക് സൗകര്യം വിപുലീകരിക്കുക.<br>4. അഗളി,കോട്ടത്തറ ആശുപത്രിയ്ക്ക് വേണ്ടി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.<br>5. മാതൃ-ശിശു സംരക്ഷണം മെച്ചപ്പെടുത്താൻ ഹെൽപ്പ് ലൈൻ നമ്പർ തയ്യാറാക്കുക.<br>6. മാസത്തിലൊരിക്കൽ മൾട്ടി സ്പെഷ്യാലിറ്റി ക്യാമ്പ് സംഘടിപ്പിക്കുക.<br>7. ഐ.എം.എ. എക്സ്പർട്ട് -ന്റെ നേതൃത്വത്തിൽ മറ്റ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുക. |

(....2)

8. ഡോക്ടർമാർക്ക് സി.എം.ഇ തുടർ വിദ്യാഭ്യാസം ഏർപ്പാടാക്കുക.
9. അംഗൻവാടിയിൽ കളിപ്പാട്ടങ്ങൾ ലഭ്യമാക്കുക, കോട്ടത്തറ ഗവൺമെന്റ് യു.പി. സ്കൂൾ ഏറ്റെടുക്കുക.
10. ആദിവാസികുട്ടികൾക്ക് ഹെൽത്ത് മിക്സ് നൽകുക.

(സി) പ്രസ്തുത മേഖലയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും, ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെട്ടുത്തുവാനുദ്ദേശിക്കുന്നത് ;

(സി) അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ 3 മിനി പി.എച്ച്.സി. ഉണ്ട് (പുതൂർ, ആനക്കട്ടി, ഷോളയൂർ). 28 സബ്സെന്ററുകൾ ആകെ പ്രവർത്തിക്കുന്നു. 28 സബ്സെന്ററുകളിൽ · 25 എണ്ണത്തിന് സ്വന്തം കെട്ടിടം ഉണ്ട്. 3 എണ്ണത്തിന് പണി നടക്കുന്നു (എൻ.എച്ച്.എം. -ന്റെ കീഴിൽ). കെട്ടിടമില്ലാത്തവർ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 28 സബ്സെന്ററുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ താമസിച്ചു വരുന്നു.4 മെയിൻ സെന്ററുകളൊഴികെ ബാക്കി 24 സബ്സെന്ററുകളിൽ അധികമായി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ കൂടി നിയമിച്ചിട്ടുണ്ട്. ഒരാൾ ഫീൽഡ് പ്രവർത്തനത്തിന് പോകുമ്പോൾ മറ്റേയാൾ ക്ലിനിക്കിൽ ഉണ്ടാകുകയും ഉൾപ്രദേശങ്ങളിലുൾപ്പെടെ 24 മണിക്കൂർ നേരം പ്രവർത്തനം നടത്താനും അടിയന്തിര സാഹചര്യങ്ങൾ നേരിടാനും സാധിക്കുന്നു. 26 സബ്സെന്ററുകൾക്ക് ഓരോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഉണ്ട്. സബ് സെന്റർ വഴി കൗമാരപ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക പരിചരണം നൽകിവരുന്നു. ഓരോ സബ് സെന്ററിനോടും അനുബന്ധിച്ച് രണ്ട് പ്രൈവറ്റ് ജീപ്പുകൾ എഗ്രിമെന്റിൽ ഏർപ്പാടാക്കി ഗർഭിണികൾക്കും നവജാതശിശുക്കൾക്കും അടിയന്തിര സാഹചര്യങ്ങളിൽ ആശുപത്രിയിൽ എത്തിച്ചു വരുന്നു. അതിന് ജനനി ശിശു സുരക്ഷാ കാര്യക്രം ഫണ്ട് ഉപയോഗിക്കുന്നു. കൂടാതെ പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട പോഷകാഹാരം ലഭ്യമാക്കുന്നതിന് അത്യാവശ്യഘട്ടങ്ങളിൽ ഗർഭിണികളെയും നവജാതശിശുക്കളെയും ആശുപത്രിയിൽ എത്തിക്കുന്നതിനും എൻ.എച്ച്.എം. മുഖേന ഓരോ പഞ്ചായത്തിലും ഓരോ വാഹനം ആകെ മൂന്നെണ്ണം ഏർപ്പാടാക്കി സേവനം നൽകി വരുന്നു.

(....3)

**<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ</u>**

അഗളി, പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങളും കിടത്തി ചികിത്സയും നൽകി വരുന്നു. അവിട ങ്ങളിൽ ചികിത്സിക്കാൻ പറ്റാത്ത രോഗികളെ ഫസ്റ്റ് റഫറൽ യൂണിറ്റായ കോട്ടത്തറ ഗവൺ മെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയി ലേക്ക് എത്തിക്കുന്നു. ആവശ്യത്തിന് ഡോക്ടർ മാരും ജീവനക്കാരും പ്രസ്തുത ആശുപത്രി കളിൽ ഉണ്ട്.

**<u>കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി</u>**

24 മണിക്കൂറും സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകി വരുന്നു. ഗൈനക്കോളജി, ഫിസിഷ്യൻ, അനസ്തേഷ്യ, സർജറി, ഒഫ്താൽമോളജി. ഇ.എൻ.ടി, ഡെന്റൽ, ശിശുരോഗം, ഓർത്തോ തുടങ്ങിയ സ്പെഷ്യാലിറ്റികൾ പ്രവർത്തിച്ചു വരുന്നു. മേജർ തിയേറ്റർ, മൈനർ തിയേറ്റർ, ലേബർ-റൂം എന്നിവയും ഐ.സി.യു, എസ്സ്.എൻ. സി.യു തുടങ്ങിയ സൗകര്യങ്ങളും എക്സ്റേ, അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യങ്ങളും ഉണ്ട്. എമർജൻസി സിസേറിയൻ ഉൾപ്പെടെ നടത്തി വരുന്നു. 54 കിടക്കകൾ ഉണ്ട്.

(ഡി) ആദിവാസികളിലെ ഗർഭസ്ഥ ശിശു മരണ നിരക്ക് കറയ്ക്കുന്നതിനും, കുഞ്ഞുങ്ങളിലെ പോഷകാഹാരക്കുറവു പരിഹരിക്കുന്നതിനും എന്തെല്ലാം പദ്ധതി കളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കുമോ ?

(ഡി) മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കി അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരേക്കൂടി ദേശീയ ആരോഗ്യമിഷൻ വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും,അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും അയൺഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ-എ നൽകൽ എന്നിവ കാര്യക്ഷമ മായി നടത്തി വരുന്നു. ഗുരുതരമായ പോഷകാ ഹാരക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് സി.എച്ച്.സി. അഗളി, പി.എച്ച്.സി. പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ചെറിയ തോതിൽ പോഷക കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷ ണവും ഫീൽഡ് തലത്തിൽ അംഗൻവാടികളു മായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തു

(....4)

വരുന്നുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷണ കുറവുള്ള കുട്ടികൾ 299 ആയിരുന്നത് 62 (03.12.2014 ന്) ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വർഷം ഇതുവരെ 13 (03.12.2014 വരെ) മരണങ്ങളാണ് നടന്നിട്ടുള്ളത്.

അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുക വഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു. അഗളി സി.എച്ച്.സി, ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി. കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്.

എൻ.ആർ.എച്ച്.എം -ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യപാക്കേജ് വഴി ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവജാതശിശു പരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി നടന്നു വരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാക്കുന്ന വിധം ക്രമീകരിച്ചിട്ടുണ്ട്.

(.....5)

ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന ഘടകങ്ങൾ ആഹാരം, ശുദ്ധമായ കുടിവെള്ളം, സ്ഥിരവരുമാനം, തൊഴിൽ, താമസ സൗകര്യങ്ങൾ തുടങ്ങിയവയാണ്. ഇവ ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ